"ഭരണഭാഷ - മാതൃഭാഷ"

നം.ICDS-B2-3846/17

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 12.06.2018.
ഇ മെയിൽ: swdicds@gmail.com.
ഫോൺ: 0471-2346508

വനിതാ ശിശു വികസന ഡയറക്ടർ.

എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം: വനിതാ ശിശു വികസന വകുപ്പ് - ECCE ട്രെയിനിംഗ് - രക്ഷകർത്താക്കളുടെ feedback ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. 29.06.2017 ലെ സ.ഉ.(സാധാ)നം. 417/2017/സാനീവ
2. 06.01.2018 ലെ ICDS-B2-3846/17 നമ്പർ കത്ത്.
3. 19.03.2018 ലെ 25- ാമത് ICDS മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകർക്ക് ശൈശവ പൂർവ്വകാല വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ അടിസ്ഥാന ഘടകങ്ങളിൻമേൽ തുടർ പരിശീലനം നടത്തി അവരെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ പാലക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്ന IRTC (ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ) എന്ന സ്ഥാപനം മുഖേന ഒരു പരിശീലന പരിപാടി നടത്തുന്നതിന് സൂചന (1) പ്രകാരം അനുമതി ലഭിച്ചിരുന്നു. ടി പരിശീലന പരിപാടിയുടെ ഭാഗമായി അങ്കണവാടി വർക്കർമാർക്ക് 2 ഘട്ടങ്ങളിലായി പരിശീലനം നൽകുകയുണ്ടായി. സർക്കാർ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മൂന്നാംഘട്ട പരിശീലനം ഈ വർഷം നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

സൂചന (2) പ്രകാരം അങ്കണവാടി വർക്കർമാർക്ക് ശൈശവ പൂർവ്വകാല വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ അടിസ്ഥാനഘടകങ്ങളിൻമേൽ ലഭ്യമാക്കിയ 2 ഘട്ടങ്ങളിലായുള്ള പരിശീലന പരിപാടിയിൻമേൽ ജില്ലകളിൽ നിന്നും ഉദ്യോഗസ്ഥ തലത്തിൽ മെച്ചപ്പെട്ട ഫീഡ്ബാക്ക് ലഭിച്ചിരുന്നു. സൂചന (3) പ്രകാരം ടി പരിശീലന പരിപാടിയിൻമേൽ രക്ഷകർത്താക്കളുടെ ഫീഡ്ബാക്ക് ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ ടി വിഷയത്തിൻമേൽ എല്ലാ ഐസിഡിഎസ് പ്രോജക്ടുകളിലേയും അങ്കണവാടി പ്രീസ്കൂൾ കുട്ടികളുടെ രക്ഷകർത്താക്കളുടെ ഫീഡ്ബാക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ഫീഡ്ബാക്ക് ഫോമുകളിൽ ശേഖരിച്ച് ആയത് ക്രോഡീകരിച്ച് 25.06.2018 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി**

P-18

## ഫീഡ്ബാക്ക് ഫോം

I. വർക്കർക്ക് ECCE പരിശീലനം ലഭ്യമായതിനു ശേഷം, (എണ്ണം, %)

a. കുട്ടിക്ക് അങ്കണവാടിയിൽ പോകാൻ താൽപര്യം കൂടിയിട്ടുണ്ടോ? Y / N

b. വീട്ടിൽ വന്നതിനുശേഷം പാട്ട്പാടുക/പടംവരയ്ക്കുക എന്നിവയിൽ കുട്ടി മുഴുകാറുണ്ടോ? Y / N

c. ദിനചര്യകൾ ചിട്ടയോടെ നടത്തുന്നുണ്ടോ/ ടോയ്ലെറ്റ് ശീലം ഉണ്ടായിട്ടുണ്ടോ? Y / N

d. കുട്ടികളുടെ ഭാഷാവികസനവും സംഖ്യാബോധവും ഉണ്ടായതായി കാണുന്നുണ്ടോ? Y / N

e. കുട്ടികളുടെ ജിജ്ഞാസയും സ്വയംകണ്ടെത്താനുള്ള കഴിവും കൂടിയിട്ടുണ്ടോ? Y / N

f. നിറം/മണം/രുചി എന്നിവ തിരിച്ചറിയുന്നുവോ/തിരിച്ചറിയാൻ ശ്രമിക്കുന്നുണ്ടോ Y / N

g. വീട് വൃത്തിയായി സൂക്ഷിക്കുക/പാഴ്വസ്തുക്കൾ നീക്കം ചെയ്യുക എന്നിവ ചെയ്യാറുണ്ടോ? Y / N

h. അങ്കണവാടിയിലെ പ്രീസ്കൂൾ പ്രവർത്തനങ്ങളെപ്പറ്റി മാതാപിതാക്കൾക്ക് ബോധ്യമുണ്ടോ? Y / N

II. അങ്കണവാടി വർക്കർമാർക്ക് പരിശീലനം നൽകുന്നത് ഗുണകരമായി കാണുന്നുണ്ടോ? Y / N

S///